(സി) 26 വാഹനങ്ങൾ.

(ഡി) മൊബൈൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാനും ഉദ്ദേശം ഉണ്ട്.

ചെത്ത്—മദ്യവ്യവസായ തൊഴിലാളി യൂണിയന്റെ സമര പ്രഖ്യാപനം

594 [759] ശ്രീ. ജോസഫ് നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എല്ലാ മദ്യഷാപ്പുകൾക്കും ആഗസ്റ്റ് 31നകം ലൈസൻസ് നൽകാത്ത പക്ഷം സമരം തുടങ്ങുമെന്നുള്ള ചെത്ത് മദ്യവ്യവസായ തൊഴിലാളി യൂണിയന്റെ നിലപാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സമരം ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ). ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട തുറമുഖ വികസനം

595 [760] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെറുകിട തുറമുഖ വികസനത്തിന് എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പൊന്നാനി തുറമുഖത്തിന്റെ വികസനത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1. തുറമുഖങ്ങൾ മണ്ണുകയറി നശിച്ചുപോകാതെ കാലാകാലങ്ങളിൽ മണ്ണു മാന്തൽ നടത്തിയിട്ടുണ്ട്. ഇതിനുവേണ്ടി മൂന്നു മണ്ണുമാന്തികപ്പലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തക്കസമയത്തുനടത്തി അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നീണ്ടകരയിലും ബേപ്പൂരിലും ഓരോ വർക്ക്ഷോപ്പുകൾ സ്ഥാപിച്ചു.

2. കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിലുള്ള കടൽപ്പാലങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു.

3. ബേപ്പൂരിൽ 5.5 മീറ്റർ ആഴമുള്ള ചാനൽ നിർമ്മിക്കുന്നതിന് ആവശ്യമായ രണ്ട് ബ്രെയ്ക്ക് വാട്ടറുകളുടെ നിർമ്മാണം ആരംഭിച്ചു.

4. നീണ്ടകര തുറമുഖത്ത് 3.85 മീറ്റർ ആഴമുള്ള ചാലും, വാർഫും ആവശ്യമായ ഗോഡൗണുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി അപ്രോച്ചുറോഡും ഒരു ഗോഡൗണും പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

വാർഫിന്റെ നീളം 210 മീറ്ററായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതിൽ ഒന്നാംഘട്ടം 70 മീറ്റർ വാർഫിന്റെ കരാർ നൽകിക്കഴിഞ്ഞു.

5. പഴയ ജലവാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങാനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) ഉണ്ട്. അഴിമുഖത്ത് മണ്ണിടിഞ്ഞ് ഈ തുറമുഖം നശിക്കാതിരിക്കാനായി മണ്ണുമാന്തൽ നടത്തിയിട്ടുണ്ട്. ഇവ ഒരു മൽസ്യ ബന്ധന തുറമുഖമായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നൽകുന്നത്.

സർവ്വീസ് സിനിറക്കാനുദ്ദേശിക്കുന്ന പുതിയ ബസ്സുകൾ

596 [762] ശ്രീ. വി. കെ. രാജൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

ഈ വർഷം കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ സർവ്വീസിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

ഉത്തരം

ഐ. ഡി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ധനസഹായത്തെ ആശ്രയിച്ച് 300 ബസ്സുകളെങ്കിലും ഇറക്കണമെന്ന് ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം—പുതുക്കുറിച്ചി ഫാസ്റ്റ് പാസഞ്ചർ

597 [763] ശ്രീ. എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് പുതുക്കുറിച്ചിയിലേക്ക് കഴിഞ്ഞ മൂന്നുവർഷമായി സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കെ.എസ്. ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ ഇപ്പോഴും കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയധികം വിദ്യാർത്ഥികളും ഉദ്യോഗസ്ഥൻമാരും സ്ഥിരയാത്രക്കാരുമുള്ള പ്രസ്തുത ദേശസാൽകൃത റൂട്ടിൽ ക്യാൻസലേഷൻ ഒഴിവാക്കാനും കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാൻസലേഷൻ ഒഴിവാക്കി ഇപ്പോഴുള്ള ഷെഡ്യൂളുകൾ കൃത്യമായി ഓടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly